**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1682 | 10-03-2020 -ൽ മറുപടിക്ക്

**പ്രളയ ദുരിതാശ്വാസം വകമാറ്റി ചെലവഴിക്കൽ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ .വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | പ്രളയ ദുരിതാശ്വാസം വകമാറ്റി ചെലവഴിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉയർന്നു വന്നിട്ടുള്ള വ്യാപക പരാതികൾ അന്വേഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രളയ ധനസഹായം അർഹമല്ലാത്തവർക്ക് നൽകിയതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ അന്വേഷണം നടന്നു വരുന്നു. |
| ബി) | എറണാകുളം ജില്ലാ കളക്ടേറ്റിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ യൂസർനെയിമും പാസ്സ് വേഡും ഉപയോഗിച്ച് തുക വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച വിഷയം അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുറ്റക്കാർക്കെതിരെ എന്ത് അച്ചടക്ക നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | ബി) | തുക വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് തൃക്കാക്കരയുടേയും ക്രൈംബ്രാഞ്ചിന്റേയും നേതൃത്വത്തിൽ അന്വേഷണം നടന്നു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ആരോപണം നേരിടുന്ന സെക്ഷൻ ക്ലാർക്കിനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| സി) | പ്രളയ ദുരിതാശ്വാസം ഇനിയും ലഭിക്കാത്ത അർഹരായവർക്ക് ധനസഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | പ്രളയ ദുരിതാശ്വാസം അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയദുരിതാശ്വാസ വിതരണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ